LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കൊവ്വൽ, കൊപ്പൽ എന്നീ സ്ഥലങ്ങളിൽ ചെയ്നേജ് 39/360-39/860 കി. മീ. വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ചെമ്പരിക്ക കടപ്പുറത്ത് 460 മീറ്റർ നീളത്തിൽ 35/450 മുതൽ 35/910 വരെ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ.

കൊയിലാണ്ടി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

203 (868) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കടലാക്രമണ പ്രതിരോധ പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര ; വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ജലവിഭവ വകുപ്പിൽ വിവിധ സ്കീമുകൾ പ്രകാരം നോൺ പ്ലാൻ ഇനത്തിൽ 2011-12 മുതൽ 2014-15 വരെ വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ/പദ്ധതികൾ ഏതെല്ലാം ; ഓരോ പ്രവൃത്തിക്കും പദ്ധതിക്കും അനുവദിച്ച തുക എത്ര ; വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ കെ.വൈ.ഐ.പി.-ക്ക് കീഴിൽ മാമ്പള്ളി ഭാഗത്ത് അണ്ടർ ടണൽ പുതുക്കി പണിയുന്നതിനുള്ള നടപടികൾ എവിടെവരെ എത്തിയെന്ന് വിശദമാക്കാമോ ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) കൊയിലാണ്ടിയിൽ അടുത്ത കാലത്ത് കാപ്പാട് കടൽത്തീരത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടായതും കടൽത്തീരത്ത് വലിയ നാശനഷ്ടമുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇവിടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താൻ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; എ. എസ്. നൽകിയിട്ടില്ലെങ്കിൽ അടിയന്തര പ്രാധാന്യത്തോടെ എ. എസ്. നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2011 മുതൽ 2015 വരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം I -ൽ ചേർത്തിരിക്കുന്നു.*

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നോൺ പ്ലാൻ ഇനത്തിൽ 2011-12 മുതൽ 2014-15 വരെ നടപ്പിലാക്കിയ പ്രവർത്തികൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) അണ്ടർ ടണൽ പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് പൈപ്പ് ഇടുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ ഇറിഗേഷൻ പ്രവൃത്തികൾ

204 (869) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് (മേജർ-മൈനർ ഇറിഗേഷൻ ഉൾപ്പെടെ) മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കേരള ജല അതോറിറ്റി

ഈ സർക്കാർ അധികാരമേറ്റശേഷം കേരള ജലഅതോറിറ്റി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ജലസേചന വകുപ്പ്

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.